പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6385 11-07-2012 -ൽ മറുപടിക്ക്.

## നിരോധിത പുകയില ഉല്പന്നങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. എ. പ്രദീപ്കുമാർ : | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) | പാൻമസാല, ഗുഡ്ക എന്നിവയുടെ നിരോധനത്തെതുടർന്ന് രഹസ്യ കേന്ദ്രങ്ങളിലേക്ക് മാറ്റപ്പെട്ട പുകയില ഉല്പന്നങ്ങൾ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികളെന്തെന്ന് വ്യക്തമാക്കാമോ; | (എ) രഹസ്യ കേന്ദ്രങ്ങളിലേക്ക് മാറ്റപ്പെട്ട പുകയില ഉല്പന്നങ്ങൾ കണ്ടെത്തുന്നതിന് എക്സൈസ് വകുപ്പിനെ നാളിതുവരെ അധികാരപ്പെടുത്തിയിട്ടില്ല. എന്നാൽ, പോലീസ് വകുപ്പ്, റെയ്ഡുകളും, പരിശോധനകളും നടത്തിയും, ജില്ലാ സ്പെഷ്യൽ ബ്രാഞ്ചിന്റെയും, ജനമൈത്രി പോലീസിന്റെയും സേവനം ഉപയോഗപ്പെടുത്തി രഹസ്യ വിവരങ്ങൾ ശേഖരിച്ചും, വാഹന പരിശോധന നടത്തിയും, പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തിയും, നിരോധിത പുകയില ഉല്പന്നങ്ങൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നിരോധിത പുകയില ഉല്പന്നങ്ങൾ പിടിച്ചെടുക്കുന്നതിനായി ഏതൊക്കെ വകുപ്പുകൾക്കാണ് നിലവിൽ അധികാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) പോലീസ് വകുപ്പിന് അധികാരം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം ഈ രംഗത്ത് സാദ്ധ്യമാകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) ഉണ്ട്. നിരോധിത പുകയില ഉല്പന്നങ്ങൾ പിടിച്ചെടുത്ത് കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | നിരോധനത്തെതുടർന്ന് ഓരോ ജില്ലയിൽ നിന്നും പിടിച്ചെടുത്ത പുകയില ഉല്പന്നങ്ങളുടെ കണക്ക് വ്യക്തമാക്കാമോ? | (ഡി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

അനുബന്ധം 6385

| Districts | Ceased Tobacco Product |
|---|---|
| Thiruvananthapuram City | 2632 Packets |
| Thiruvananthapuram Rural | 2000 Packets |
| Kollam City | 1959 Packets |
| Kollam Rural | 167 Packets |
| Pathanamthitta | 4269 Packets |
| Alappuzha | 48 Packets, 7 Kg and 38 Tin |
| Kottayam | 129 Packets |
| Idukki | 386 Packets |
| Ernakulam City | 58.850 Kg |
| Ernakulam Rural | 1457 Packets |
| Thrissur City | 3690 Packets |
| Thrissur Rural | 2522 Packets |
| Palakkad | 1106 Packets and 90 Bags |
| Malappuram | 9182 Packets |
| Kozhikode City | 4253 Packets and 350 Grm |
| Kozhikode Rural | 1450 Packets |
| Wayanad | 1816 Packets |
| Kannur | 399 Packets |
| Kasaragode | 1335 Packets |

ഒപ്പ്